**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 109** **27-06-2022 - ൽ മറുപടിയ്ക്ക്**

**അട്ടപ്പാടി മധു കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്‍കുമാർ ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പ്രോസിക്യൂട്ടർമാർക്ക് ഫീസ് നൽകാതെ അട്ടപ്പാടി മധു കേസ് ദുർബലപ്പെടുത്താൻ സർക്കാർ ശ്രമിക്കുന്നതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെ ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | മരണപ്പെട്ട മധുവിന്റെ അമ്മയുടെ ആവശ്യപ്രകാരമാണ് പ്രസ്തുത കേസ് വാദിക്കാൻ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ സർക്കാർ നിയമിച്ചത്. പ്രോസിക്യൂട്ടർമാർ യാതൊരു പ്രതിഫലവും മുൻകൂറായി ആവശ്യപ്പെട്ടിട്ടില്ല. |
| (ബി) | കേസ് വാദിക്കാൻ സർക്കാർ നിയമിച്ച രണ്ട് പ്രോസിക്യൂട്ടർമാർക്കും നാളിതുവരെ അലവൻസുകളോ സൗകര്യങ്ങളോ അനുവദിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) | (എ) യിലെ ഉത്തരത്തിനു സമാനം |
| (സി) | ഇത് കേസിന്റെ മുന്നോട്ടുപോക്കിനെ ബാധിച്ചിട്ടുണ്ടോ; കേസ് അട്ടിമറിക്കാനുള്ള ശ്രമമാണ് നടക്കുന്നത് എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | കേസ് ബഹു. കോടതിയുടെ സജീവ പരിഗണനയിലിരിക്കുകയാണ്. |
| (ഡി) | ഈ കേസിൽ കുറ്റക്കാർക്കെതിരെ ശക്തമായ നടപടി എടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | നിലവിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ രാജി സന്നദ്ധത അറിയിച്ചിട്ടുള്ളതിനാൽ മരണപ്പെട്ട മധുവിന്റെ അമ്മയുടെ ആവശ്യപ്രകാരം പുതിയ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ